# ബ്ലോഗുലകം

blogulakam1@gmail.com

ബ്ലോഗെഴുത്തുകൾ പരിചയപ്പെടുത്തുന്നിടം

**ശലഭച്ചിറകുകൾ പൊഴിയുന്ന ശിശിരത്തിൽ**
www.everbest.blogspot.com

**ഋതുസഞ്ജന**

## ശബ്ദിക്കുന്ന ശവങ്ങൾ

കഴുകന് അത് ശവങ്ങൾ മാത്രമായിരുന്നു
അവനിതുവരെ കണ്ടത്
കൊത്തിവലിക്കുന്ന ശരീരങ്ങൾക്ക്
ഒരേ രൂപമാണ്..
വാർന്നൊഴുകുന്ന രക്തത്തിന്
ഒരേ നിറവും..

കഴുകനറിയുന്നുണ്ടോ
അതൊരു ഹിന്ദുവെന്ന്
ക്രിസ്ത്യനെന്ന്
മുസൽമാനെന്ന്

ഞങ്ങൾ മനുഷ്യരാണ്
ശവങ്ങൾ ശബ്ദിക്കുന്നുവോ..



**ഇപ്പണി ചെയ്തത് സാപ്പിയാണ്**
www.sapy-smiling.blogspot.com

**സാപ്പി**

## നല്ല കവിതകൾ

നല്ല കവിതകൾ
രാഷ്ട്രീയക്കാരന്റെ വായിലാണ്
തെറിപ്പാട്ടെന്നതിനെ പറഞ്ഞ് പോയേക്കരുത്
തെറിപ്പാട്ടിന്റെ രാഷ്ട്രീയത
(അഥവാ അരാഷ്ട്രീയത)
സാംസ്കാരികൻമാർ ചർച്ചിച്ച് കളയും

ന്യൂസ് ലൈവിലെ ഛർദ്ദിലുകളും
തെരുവിലെ വാൾവെപ്പും
(രണ്ടും ഒന്ന് തന്നെ)

നമ്മുടെ പണ്ഡിറ്റുമാരെ നമുക്ക്
രാഷ്ട്രീയപ്പണിയും
ഏൽപ്പിച്ച് നോക്കാം...

**തുശാരം**
www.parakkandychalil.blogspot.com

**സിദ്ദീഖ് പാറക്കി**

## മനുഷ്യാവകാശം

തോക്കിൽ നിറച്ചതും
കാഞ്ചി വലിച്ചപ്പോൾ
നെഞ്ച് തുളച്ചതും
മനുഷ്യാവകാശം
പുരട്ടിയ ഉണ്ടകൾ തന്നെ

എന്നിട്ടും പറയുന്നു
മനുഷ്യാവകാശ
ലംഘനമെന്ന്